# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4068 — 16.05.2017-ൽ മറുപടിയ്ക്ക്

## ഗ്രാമീണനിർമ്മാണപ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം. രാജഗോപാലൻ | | ഡോ.കെ.റ്റി.ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | മണ്ഡല ആസ്തി വികസന ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളിൽ ഗ്രാമീണനിർമ്മാണപ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പ് മുഖേന ചെയ്യിക്കുന്നതിനായി തദ്ദേശസ്വയംഭരണവകുപ്പിൽനിന്നും ട്രാൻസ്ഫർ ചെയ്തു നൽകാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | 2016-17 സാമ്പത്തിക വർഷത്തിൽ 2016 ജനുവരി 31 വരെ തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയർ ഓഫീസിൽ ലഭ്യമാക്കിയ അപേക്ഷകൾ പ്രകാരം അതാത് ജില്ലകൾക്ക് തുക ഡെപ്പോസിറ്റ് ചെയ്തു നൽകിയിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തത കാരണം ഫെബ്രുവരി മുതൽ ഉള്ള അപേക്ഷകൾ യഥാസമയം നൽകാൻ കഴിഞ്ഞിട്ടില്ല. 2017-18 സാമ്പത്തിക വർഷത്തിലെ ഫണ്ട് ലഭ്യമായതിനാൽ കുടിശ്ശിക അടക്കമുള്ള ഡെപ്പോസിറ്റ് തുകകൾ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഇത്തരത്തിലുള്ള വർക്കുകളിൽ ഇനിയും ഫണ്ട് ഡിപ്പോസിറ്റ് ചെയ്തു നൽകാനുള്ള പ്രവൃത്തികളുടെ ലിസ്റ്റ് ലഭ്യമാക്കുമോ; ഈ പ്രവൃത്തികൾക്ക് ആകെ എത്ര തുക ഇനിയും നൽകണമെന്ന് വ്യക്തമാക്കാമോ? | (ബി) | 13 നിർമ്മാണ പ്രവൃത്തികൾക്ക് 4,94,39,388/- രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ